**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6748** **11-11-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ഗോവർദ്ധിനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിലെ വെണ്ണിക്കുളം, പുത്തൻകുരിശ്, നെല്ലാട്, പെരിങ്ങാല, മഞ്ഞപ്പെട്ടി, പാങ്ങോട്, കോലഞ്ചേരി, കിഴക്കമ്പലം എന്നീ പഞ്ചായത്തുകളിൽ കന്നുകുട്ടി പരിപാലന പദ്ധതികളായ ഗോവർദ്ധിനി, കാഫ് അഡോപ്ഷൻ പദ്ധതി, ഗ്രാമ പഞ്ചായത്ത് പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്. ഗോവർദ്ധിനി പദ്ധതി വെണ്ണിക്കുളം, പുത്തൻകുരിശ്, പെരിങ്ങാല, മഞ്ഞപ്പെട്ടി, പാങ്ങോട്, കോലഞ്ചേരി, കിഴക്കമ്പലം എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴി ക്ഷീര കർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കന്നുകുട്ടി പരിപാലന പദ്ധതിയിൽ വരിചേർക്കപ്പെടുന്ന4-6 മാസം പ്രായമായ പശുക്കുട്ടികൾക്ക് അന്ന് മുതൽ 32 മാസം വരെ അല്ലെങ്കിൽ ആദ്യ പ്രസവം വരെ ഏതാണോ ആദ്യം എത്തുക, അതുവരെ ഇൻഷ്വറൻസ് പരിരക്ഷയും ഓരോ മാസവും 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റയും നൽകുന്നു. പശുക്കുട്ടിയുടെ പ്രായത്തിനനുസരിച്ച് ആവശ്യമായ അളവിൽ ഗുണമേന്മയുള്ള കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുകയും വിരമരുന്ന്, ധാതുലവണ മിശ്രിതം നൽകുക ഉടങ്ങിയ ആരോഗ്യ പരിരക്ഷ നടപടികളും പ്രതിരോധ കുത്തി വയ്പ്പുകളും നൽകുന്നു. |
| (സി) | മണ്ഡലത്തിലെ എത്ര കർഷകർ പ്രസ്തുത പദ്ധതിയിടെ ഗുണഭോക്താക്കളാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ? | (സി) | മണ്ഡലത്തിലെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ കാഫ് അഡോപ്ഷൻ പദ്ധതിയിൽ താഴെ പറയുന്ന കന്നുകുട്ടികളെ വരിചേർക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ഗുണഭോക്തൃ ലിസ്റ്റ് ലഭിച്ചാലുടൻ നടപ്പിലാക്കുന്നതാണ്. കിഴക്കമ്പലം - 60 കോലഞ്ചേരി - 50 നെല്ലാട് - 70 |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വെണ്ണിക്കുളം പഞ്ചായത്ത് -145 ഗുണഭോക്താക്കൾ | |
|---|---|
| സ്കീം | ഗുണഭോക്താക്കളുടെ എണ്ണം |
| കാഫ് അഡോപ്ഷൻ 2019-20 | 50 |
| ഗോവർദ്ധിനി 2020-21 | 30 |
| ഗോവർദ്ധിനി 2021-22 | 40 |
| ഗ്രാമ പഞ്ചായത്ത് 2020-21 | 25 |

| പെരിങ്ങാല പഞ്ചായത്ത് - 45 ഗുണഭോക്താക്കൾ | |
|---|---|
| സ്കീം | ഗുണഭോക്താക്കളുടെ എണ്ണം |
| ഗോവർദ്ധിനി 2020-21 | 25 |
| ഗോവർദ്ധിനി 2021-22 | 20 |

| പാങ്ങോട് പഞ്ചായത്ത് - 50 ഗുണഭോക്താക്കൾ | |
|---|---|
| സ്കീം | ഗുണഭോക്താക്കളുടെ എണ്ണം |
| ഗോവർദ്ധിനി 2020-21 | 30 |
| ഗോവർദ്ധിനി 2021-22 | 20 |

| നെല്ലാട് പഞ്ചായത്ത് - 40 ഗുണഭോക്താക്കൾ | |
|---|---|
| സ്കീം | ഗുണഭോക്താക്കളുടെ എണ്ണം |
| ഗോവർദ്ധിനി 2020-21 | 40 |

| മഞ്ഞപ്പെട്ടി പഞ്ചായത്ത് - 30 ഗുണഭോക്താക്കൾ |
|---|

| | |
|---|---|
| സ്കീം | ഗുണഭോക്താക്കളുടെ എണ്ണം |
| ഗോവർദ്ധിനി 2020-21 | 30 |

| കോലഞ്ചേരി പഞ്ചായത്ത് - 55 ഗുണഭോക്താക്കൾ | |
|---|---|
| സ്കീം | ഗുണഭോക്താക്കളുടെ എണ്ണം |
| ഗോവർദ്ധിനി 2020-21 | 30 |
| ഗ്രാമ പഞ്ചായത്ത് 2020-21 | 25 |

| കിഴക്കമ്പലം പഞ്ചായത്ത് - 80 ഗുണഭോക്താക്കൾ | |
|---|---|
| സ്കീം | ഗുണഭോക്താക്കളുടെ എണ്ണം |
| ഗോവർദ്ധിനി 2020-21 | 30 |
| ഗോവർദ്ധിനി 2021-22 | 20 |
| ഗ്രാമ പഞ്ചായത്ത് 2020-21 | 30 |